# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. T 2358 09.12.2014-ലെ മറുപടിക്ക്

## പത്താം ശമ്പളകമ്മീഷൻ

**ചോദ്യം**

ശ്രീ. ഇ.പി. ജയരാജൻ

**ഉത്തരം**

ശ്രീ. കെ.എം. മാണി
ബഹു. ധനകാര്യവും, നിയമവും, ഭവനനിർമ്മാണവും
വകുപ്പുമന്ത്രി

| | | |
|---|---|---|
| (എ) | സംസ്ഥാന ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പള പരിഷ്കരണത്തിനുള്ള പത്താം ശമ്പള കമ്മീഷനെ നിശ്ചയിച്ചുകൊണ്ടുള്ള മന്ത്രിസഭാ തീരുമാനമെടുത്തതെന്നാണ്; | സംസ്ഥാന ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പള പരിഷ്കരണത്തിനുള്ള പത്താം ശമ്പള കമ്മീഷനെ നിശ്ചയിച്ചുകൊണ്ടുള്ള മന്ത്രിസഭാ തീരുമാനം 27.11.2013 -ലാണ് കൈക്കൊണ്ടത്. |
| (ബി) | പത്താം ശമ്പള കമ്മീഷനെ നിയമിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചതെന്നാണ്; ഏത് ഉത്തരവ് പ്രകാരം എന്നു വ്യക്തമാക്കുമോ ; | 30.11.2013 ലെ സ.ഉ. (കൈ) നം. 583/2013/ധന പ്രകാരമാണ് പത്താം ശമ്പള കമ്മീഷനെ നിയമിച്ചിട്ടുള്ളത് |
| (സി) | പത്താം ശമ്പള കമ്മീഷന് ഓഫീസ് അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചതെന്നാണ് ; ഏത് ഉത്തരവ് പ്രകാരമാണെന്ന് വ്യക്തമാക്കുമോ ; | 24.05.2014 ലെ സ.ഉ. (സാധാ) നം. 1277/2014/LSGD പ്രകാരമാണ് പത്താം ശമ്പള കമ്മീഷന് ഓഫീസ് അനുവദിച്ചിട്ടുള്ളത്. |
| (ഡി) | പത്താം ശമ്പള കമ്മീഷനിലേക്ക് ആകെ എത്ര ജീവനക്കാരെ നിയമിക്കുകയുണ്ടായി ; | പത്താം ശമ്പള കമ്മീഷനിലേക്ക് ആകെ 28 ജീവനക്കാരെ നിയമിക്കുകയുണ്ടായി. |
| (ഇ) | പത്താം ശമ്പള കമ്മീഷനിലേക്ക് ജീവനക്കാരെ നിയമിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചതെന്നാണ് ; ഏത് ഉത്തരവ് പ്രകാരമാണ് | 27.12.2013 ലെ ഓഫീസ് ഓർഡർ 104541/ഭരണം-ബി.3/2013/ധന, 07.06.2014 ലെ സ.ഉ. (സാധാ) നം. 4544/2014/ധന, 03.07.2014 ലെ സ.ഉ. (സാധാ) നം. 5190/2014/ധന, 04.07.2014 ലെ സ.ഉ. (കൈ) നം. 261/2014/ധന, 10.09.2014 ലെ സ.ഉ. (സാധാ) നം. 6996/2014/ധന, 18.09.2014 ലെ സ.ഉ. (സാധാ) നം. 7121/2014/ധന, 24.09.2014 ലെ സ.ഉ. (സാധാ) നം. 7372/2014/ധന, 16.10.2014 ലെ സ.ഉ. (സാധാ) നം. 7827/2014/ധന എന്നിവ പ്രകാരമാണ് പത്താം ശമ്പള കമ്മീഷനിലേക്ക് ജീവനക്കാരെ നിയമിച്ചത്. |

| | | |
|---|---|---|
| (എഫ്) | ശമ്പള കമ്മീഷനെ നിശ്ചയിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചപ്പോൾ നിശ്ചയിച്ചു നൽകിയ കാലാവധി എത്രയാണ് ; | ശമ്പള കമ്മീഷനെ നിശ്ചയിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചപ്പോൾ ആറുമാസ കാലാവധിയാണ് നൽകിയിരുന്നത്. |
| (ജി) | തുടർന്ന് എത്ര തവണ കാലാവധി ദീർഘിപ്പിച്ചു നൽകുകയുണ്ടായി ; അവസാനമായി ദീർഘിപ്പിച്ചു നൽകിയ കാലാവധി അവസാനിക്കുന്നതെപ്പോഴാണ് ; ശമ്പള കമ്മീഷനിൽ ഇപ്പോൾ ഏതെല്ലാം തസ്തികകളിലുള്ള എത്ര ജീവനക്കാർ ജോലിയിൽ പ്രവേശിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ ; ഇപ്പോഴത്തെ സാഹചര്യത്തിൽ ശമ്പള കമ്മീഷൻ റിപ്പോർട്ട് എപ്പോൾ ഗവൺമെന്റിന് സമർപ്പിക്കുമെന്നാണ് പ്രതീക്ഷിച്ചിട്ടുള്ളത് ; ശമ്പള കമ്മീഷൻ ശുപാർശകൾ പ്രകാരമുള്ള പുതിയ സേവന വേതന വ്യവസ്ഥകൾ എപ്പോൾ മുതൽ നടപ്പിലാക്കുവാൻ കഴിയും എന്നു വ്യക്തമാക്കുമോ ? | ശമ്പള കമ്മീഷന്റെ കാലാവധി ഇതുവരെ രണ്ടു തവണ ദീർഘിപ്പിച്ചു നൽകുകയുണ്ടായി. അവസാനമായി ദീർഘിപ്പിച്ചു നൽകിയ കാലാവധി 30.06.2015 ൽ അവസാനിക്കും. ശമ്പള കമ്മീഷനിൽ ഇപ്പോൾ ജോലിയിൽ ഉള്ള ജീവനക്കാരുടെയും തസ്തികകളുടെയും വിവരം ചുവടെ ചേർക്കുന്നു. |

| തസ്തിക | ജീവനക്കാരുടെ എണ്ണം |
|---|---|
| അഡീഷണൽ സെക്രട്ടറി | 1 |
| ജോയിന്റ് സെക്രട്ടറി | 1 |
| അണ്ടർ സെക്രട്ടറി | 2 |
| സെക്ഷൻ ഓഫീസർ | 4 |
| അസിസ്റ്റന്റ് | 8 |
| കമ്പ്യൂട്ടർ അസിസ്റ്റന്റ് | 3 |
| കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 4 |
| ക്ളറിക്കൽ അസിസ്റ്റന്റ് | 1 |
| ഓഫീസ് അറ്റന്റന്റ് | 4 |
| **ആകെ** | **28** |

ശമ്പള പരിഷ്കരണ റിപ്പോർട്ട് 30.06.2015 ന് അകം സർക്കാരിന് സമർപ്പിക്കാൻ കമ്മീഷന് കഴിയും എന്ന് പ്രതീക്ഷിക്കുന്നു. ശമ്പള പരിഷ്കരണ തീയതി എന്നുമുതൽ പ്രാബല്യത്തിൽ വരുത്തണമെന്ന് കമ്മീഷൻ റിപ്പോർട്ട് നൽകുമ്പോൾ മാത്രമേ വ്യക്തമാക്കാൻ കഴിയുകയുള്ളൂ.

സെക്ഷൻ ഓഫീസർ